**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2194** **11.02.2020** - ൽ മറുപടിയ്ക്ക്

## വനിത വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീമതി പി.അയിഷാ പോറ്റി
ശ്രീ.വി.കെ.സി.മമ്മത് കോയ
ശ്രീ.കെ.വി.വിജയദാസ്
പ്രൊഫ.കെ.യു.അരുണൻ

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന വനിത വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂട്ടതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകൾ കൂടാതെ പുതുതായി പാലക്കാട്, മലപ്പുറം ജില്ലകളിൽ കൂടി ജില്ലാ ഓഫീസ് ആരംഭിച്ചു. കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ ജില്ലാ ഓഫീസ് ആരംഭിയ്ക്കുന്നതിനുള്ള നടപടി കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ വായ്പാ വിതരണവും തിരിച്ച് പിടിക്കലും കൂട്ടതൽ കാര്യക്ഷമമാക്കാൻ ഷീ-സോഫ്റ്റ് എന്ന പേരിൽ ഒരു സോഫ്റ്റ് വെയർ ഉപയോഗത്തിൽ വരുത്തി. വിതരണം ചെയ്ത വായ്പകളുടെ തിരിച്ച് പിടിക്കൽ കൂട്ടതൽ സുഗമമാക്കുന്നതിന് ജില്ലകൾ കേന്ദ്രീകരിച്ച് റിക്കവറി ഡ്രൈവ് നടത്തി വരുന്നു. ഇദംപ്രഥമമായി പട്ടികവർഗ്ഗ വനിതകൾക്ക് സ്വയം തൊഴിൽ വായ്പ നല്കുന്നതിന് ദേശീയ പട്ടിക വർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനുമായി കരാറിലേർപ്പെട്ട് 25,00,000/- (ഇരുപത്തിയഞ്ചു ലക്ഷം) രൂപയുടെ സ്വയം തൊഴിൽ വായ്പാവിതരണം ഇതിനോടകം തന്നെ പൂർത്തിയാക്കി. വനിതകൾക്ക് കൂടുതൽ സ്വയം തൊഴിൽ വായ്പ |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് 350.56 കോടി രൂപയുടെ സർക്കാർ ഗ്യാരണ്ടി നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ എല്ലാ ജീവനക്കാർക്കും മിനിമം വേതനം നടപ്പിലാക്കി. |
| (ബി) | സ്ത്രീകളുടെ ഉന്നമനത്തിനായി വനിത വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ വായ്പാ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ; | (ബി) | സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെ (NMDFC, NBCFDC, NSFDC & NSTFDC) വായ്പാ ധനസഹായവും കേരള സർക്കാരിന്റെ പദ്ധതി വിഹിതവും ഉപയോഗിച്ച് മിതമായ പലിശ നിരക്കിൽ താഴെ പറയുന്ന വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു.<br><br>1. സ്വയംതൊഴിൽ വായ്പാ പദ്ധതി<br>2. വിദ്യാഭ്യാസ വായ്പാ പദ്ധതി.<br>3. ലഘു വായ്പാ പദ്ധതി<br>വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സ്ത്രീ സുരക്ഷയ്ക്കായി അടിയന്തര ഘട്ടങ്ങളിൽ സേവനങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിന് മിത്ര 181 എന്ന ഹെൽപ് ലൈൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്.<br>വനിതകൾക്ക് 181 എന്ന ഏക ടോൾ ഫ്രീ നമ്പരിലൂടെ എല്ലാ മേഖലകളിലെയും വിവര അന്വേഷ-ണവും, അത്യാവശ്യ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ,കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടു കൂടി, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സ്ത്രീകൾക്ക് വേണ്ടി ഇരുപത്തിനാല് മണിക്കൂറും ലഭ്യമാകുന്ന എമർജൻസി ഹെൽപ്പ് ലൈൻ സംവിധാനം നടത്തി വരുന്നു. കേരളത്തിലെ സ്ത്രീകൾക്ക് ഏത് അത്യാവശ്യ ഘട്ടത്തിലും സഹായം അഭ്യർത്ഥിക്കാനും , നിമിഷങ്ങൾ-ക്കുള്ളിൽ തന്നെ പരിഹാരം |

| | | | |
|---|---|---|---|
| | | | കാണാനും ഇതിലൂടെ സൗകര്യം ഒരുക്കിയിരുന്നു. 181 എന്ന ടോൾ ഫ്രീ നമ്പരിലേയ്ക്ക് വിളിക്കുന്നതിലൂടെ സ്ഥലത്തെ പ്രധാന ആശുപത്രി, പോലീസ് സ്റ്റേഷൻ, ആംബുലൻസ് സർവീസ് എന്നിവയുടെ സേവനങ്ങൾ ദ്രുതഗതിയിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ വിവിധ സർക്കാർ സർക്കാരിതര സ്ഥാപനങ്ങളുടെ സേവനങ്ങളെപ്പറ്റി അറിയുന്നതിനും 181 –ൽ സൗകര്യമുണ്ട്. ആരംഭം മുതൽ ഇന്നേവരെ 57964 വനിതകൾക്ക് (സേവനം ആവശ്യമായുള്ള കോളുകൾ) ഹെൽപ്പ് ലൈനിന്റെ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളുടെ ഉന്നമനത്തിനും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി വനിത വികസന കോർപ്പറേഷൻ പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്കായി സ്വയംതൊഴിൽ വായ്പാ പദ്ധതികളും വിദ്യാഭ്യാസ വായ്പാ പദ്ധതിയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്കായി സ്വയംതൊഴിൽ വായ്പാ പദ്ധതികളും ആദിവാസി വനിതകൾക്കായുള്ള നൈപുണ്യ വികസന പദ്ധതി (വന-മിത്ര) യും നടപ്പാക്കി വരുന്നു.<br><br>ആദിവാസി വനിതകളുടെ സമഗ്ര ശാക്തീകരണം ലക്ഷ്യമിട്ട് കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്തിലെ നാല് ആദിവാസി ഊരുകളെ കേന്ദ്രീകരിച്ച് വനമിത്ര പദ്ധതിനടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി KIED, ATDC,മുതലായ തയ്യൽ പരിശീലന കേന്ദ്രങ്ങൾ മുഖാന്തിരം വനിതകൾക്ക് പരിശീലനം, നൽകുകയും തുടർന്ന് പതിനെട്ട് വനിതകൾക്ക് നിത്യ വരുമാനം ലഭ്യമാകും വിധം തയ്യൽ കേന്ദ്രം ചക്കിട്ടപ്പാറയിൽ സ്ഥാപിയ്ക്കു-കയും ചെയ്തു, ഇത് കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | സഹായത്തോടെ 50 വനിതകൾക്ക് 2 കറവപ്പശുക്കൾ വീതം വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. വരുന്ന സാമ്പത്തിക വർഷം ഈ പദ്ധതി കണ്ണൂർ പാട്യം ഗ്രാമ പഞ്ചായത്തിൽക്കൂടി നടപ്പിലാക്കുന്നതിനുള്ള നടപടി കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

1. സ്വയംതൊഴിൽ വായ്പാ പദ്ധതി

| വായ്പാ ലഭിക്കുന്ന വിഭാഗ ങ്ങൾ | പരമാ വധി വായ്പാ തുക | പലിശ (വാർഷിക പലിശ) | പിഴ പലിശ | വരുമാന പരിധി ഗ്രാമം/നഗരം | പ്രായ പരിധി | ജാമ്യം | തിരി ച്ചടവ് കാലാ വധി |
|---|---|---|---|---|---|---|---|
| പിന്നോക്ക വിഭാഗം | 15.00 ലക്ഷം രൂപ വരെ | 5 ലക്ഷം വരെ-6%, 5 ലക്ഷം മുതൽ 10 ലക്ഷം വരെ - 7%, 10 ലക്ഷം മുതൽ 15 ലക്ഷം വരെ - 8% | 6% | 98,000 1,20,000 | 18 നും 55 നും മദ്ധ്യേ | വസ്തു ജാമ്യം/ഉദ്യോ ഗസ്ഥ ജാമ്യം | 60 മാസ ഗഡു ക്കൾ |
| പട്ടിക ജാതി വിഭാഗം | 30.00 ലക്ഷം രൂപ വരെ | 5 ലക്ഷം വരെ-6% 5 ന് മുക ളിൽ-10 വരെ-8% 10 ന് മുക ളിൽ -20 വരെ 9% 20ന് മുക ളിൽ-30 വരെ- 10% | 6% | 98,000 1,20,000 | 18 നും 55 നും മദ്ധ്യേ | വസ്തു ജാമ്യം/ഉദ്യോ ഗസ്ഥ ജാമ്യം | 60 മാസ ഗഡു ക്കൾ |
| പട്ടിക വർഗ്ഗ വിഭാഗം | 10.00 ലക്ഷം രൂപ വരെ | 5 ലക്ഷം വരെ-6% 5 ന് മുക ളിൽ 1.00 ലക്ഷം വരെ-8% | 6% | 98,000 1,20,000 | 18 നും 55 നും മദ്ധ്യേ | വസ്തു ജാമ്യം/ഉദ്യോ ഗസ്ഥ ജാമ്യം | 60 മാസ ഗഡു ക്കൾ |
| പൊതുവി ഭാഗം | 3.00 ലക്ഷം രൂപ വരെ | 6% | 6% | 1,03,000 81,000 | 18 നും 55 നും മദ്ധ്യേ | വസ്തു ജാമ്യം/ഉദ്യോ ഗസ്ഥ ജാമ്യം | 60 മാസ ഗഡു ക്കൾ |

| വായ്പാ ലഭി ക്കുന്ന വിഭാഗ ങ്ങൾ | പരമാ വധി വായ്പാ തുക | പലിശ (വാർഷിക പലിശ) | പിഴ പലിശ | വരുമാന പരിധി ഗ്രാമം/നഗരം | പ്രായ പരിധി | ജാമ്യം | തിരി ച്ചടവ് കാലാ വധി |
|---|---|---|---|---|---|---|---|
| ന്യൂന പക്ഷ വിഭാഗം (ക്രെഡിറ്റ് ലൈൻ I) | 20.00 ലക്ഷം രൂപ വരെ | 6% | 6% | 98,000 1,20,000 | 18 നും 55 നും മദ്ധ്യേ | വസ്തു ജാമ്യം/ഉദ്യോ ഗസ്ഥ ജാമ്യം | 60 മാസ ഗഡു ക്കൾ |
| ന്യൂന പക്ഷ വിഭാഗം (ക്രെഡിറ്റ് ലൈൻ II) | 30.00 ലക്ഷം രൂപ വരെ | 6% | 6% | മൊത്തം വാർഷിക വരുമാനം 6.00 ലക്ഷം രൂപ വരെ | 18 നും 55 നും മദ്ധ്യേ | വസ്തു ജാമ്യം/ഉദ്യോ ഗസ്ഥ ജാമ്യം | 60 മാസ ഗഡു ക്കൾ |

**എ) അപേക്ഷാഫാറം**

അപേക്ഷാഫാറം www.kswdc.org എന്ന വെബ്സൈറ്റിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്. വായ്പാ പദ്ധതികളെ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് കോർപ്പറേഷന്റെ മേഖലാ ഓഫീസുകളുമായി ബന്ധപ്പെടുക. തിരുവനന്തപുരം-9496015006, എറണാകുളം-9496015008, കോഴിക്കോട്-9496015010.

വായ്പ വ്യവസ്ഥകൾ കാലാകാലമുള്ള പുനർനിർണ്ണയത്തിന് വിധേയം.

**ബി) പൂരിപ്പിച്ച അപേക്ഷ ഫോറത്തോടൊപ്പം ചുവടെ പറയുന്ന രേഖകളുടെ പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്**

1) ജാതി, വയസ്സ് എന്നിവ തെളിയിക്കുന്ന രേഖകൾ (എസ്.എസ്..എൽ.സി./സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അല്ലെങ്കിൽ വില്ലേജ്/താലൂക്ക് ഓഫീസിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റും, വയസ്സ് തെളിയിക്കുന്നതിന് സർക്കാർ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രവും)
2) റേഷൻ കാർഡിന്റെ ഒന്നും രണ്ടും പേജുകൾ
3) വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്
4) ഇലക്ഷൻ തിരിച്ചറിയൽ കാർഡ്
5) ആധാർ കാർഡ്
6) ആധാറുമായി ബന്ധിപ്പിച്ച ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്
7) അപേക്ഷക വിധവയോ വികലാംഗയോ നിരാലംബയോ ആണെങ്കിൽ അത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
8) ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയെ സംബന്ധിച്ച് അപേക്ഷക സ്വയം തയ്യാറാക്കിയ കുറിപ്പ്/പ്രോജക്ട് റിപ്പോർട്ടും 5 രൂപ തപാൽ സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേൽവിലാസം എഴുതിയ കവറും അപേക്ഷയോടൊപ്പം സമർപ്പിക്കണം.

**സി) ജാമ്യ വ്യവസ്ഥകൾ**

**(i). <u>വസ്തു ജാമ്യത്തിന് ഹാജരാക്കേണ്ട രേഖകൾ</u>**

എ) 5 സെന്റിൽ കുറയാത്ത വസ്തുവിന്റെ പ്രമാണവും അനുബന്ധരേഖകളും നൽകേണ്ടതാണ് (അപേക്ഷാ ഫാറത്തിൽ പ്രതിപാദിച്ചിട്ടുള്ളത്)
ബി) മുൻ ആധാരം (രജിസ്ട്രാർ ഓഫീസ്സിൽ നിന്നും)
സി) വസ്തുവിന്റെ കരം തീർത്ത് രസീത് (വില്ലേജ് ഓഫീസ്)
ഡി) വസ്തുവിന്റെ വില നിർണ്ണയ സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസ്)
ഇ) വില്ലേജ് ഓഫീസർ നൽകിയ കൈവശ ജപ്തി രഹിത സർട്ടിഫിക്കറ്റ്
എഫ്) വില്ലേജ് ഓഫീസർ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റ്
ജി) വില്ലേജ് ഓഫീസർ നൽകിയ ലൊക്കേഷൻ സർട്ടിഫിക്കറ്റ് & സ്കെച്ച് (വില്ലേജ് ഓഫീസ്)
എച്ച്) സബ് രജിസ്ട്രാറിൽ നിന്നുള്ള 15 വർഷത്തിൽ കുറയാത്ത കുടിക്കിട (ബാധ്യത) സർട്ടിഫിക്കറ്റ്

**(ii). ഉദ്യോഗസ്ഥ ജാമ്യത്തിന് ഹാജരാക്കേണ്ട രേഖകൾ**

എ) വായ്പാ തുക മൂന്ന് ലക്ഷം രൂപ വരെ – എല്ലാ കിഴിവുകളും കഴിച്ച് പ്രതിമാസം 10,000/- രൂപ ശമ്പളം പറ്റുന്ന ഒരു ഉദ്യോഗസ്ഥന്റെ ജാമ്യം. ഉദ്യോഗസ്ഥൻ കൈപ്പറ്റുന്ന ശമ്പളം മൊത്തം വായ്പ തുകയുടെ 10% ത്തിൽ കുറയാൻ പാടില്ല.

ബി) വായ്പാ തുക മൂന്ന് ലക്ഷത്തിന് മേൽ അഞ്ച് ലക്ഷം വരെ – രണ്ട് സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യം. ടി ഉദ്യോഗസ്ഥർ കൈപ്പറ്റുന്ന ശമ്പള തുക മൊത്തം വായ്പ തുകയുടെ 10% ത്തിൽ കുറയാൻ പാടില്ല.

സി) ജാമ്യം നിൽക്കുന്ന ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥർക്ക് വിരമിക്കലിന് മുമ്പ് കുറഞ്ഞത് 7 വർഷത്തെ സർവ്വീസ് കാലാവധി ഉണ്ടായിരിക്കേണ്ടതാണ്.

ഡി) ശമ്പള സർട്ടിഫിക്കറ്റിൽ ഉദ്യോഗസ്ഥന്റെ ജനന തീയതി/പെൻഷൻ തീയതി /ജോലിയിൽ പ്രവേശിച്ച തീയതി, PEN എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

ഇ) ശമ്പള സർട്ടിഫിക്കറ്റിൽ ജാമ്യക്കാരന്റെ/ജാമ്യക്കാരിയുടെ മേലുദ്യോഗസ്ഥൻ പേരും ഒപ്പും ഓഫീസ് മുദ്രയും ചേർക്കേണ്ടതാണ്.

എഫ്) ഈ കോർപ്പറേഷനിൽ ജാമ്യം നിന്നിട്ടുള്ള ഉദ്യോഗസ്ഥർ നിലവിലുള്ള വായ്പയുടെ തിരിച്ചടവ് പൂർണ്ണമായി അവസാനിക്കാതെ മറ്റൊരു വായ്പയ്ക്ക് ജാമ്യ നിൽക്കാൻ പാടുള്ളതല്ല.

**ഡി) മറ്റ് നിബന്ധനകൾ**

1) വസ്തു ജാമ്യമാണെങ്കിൽ വക്കീൽ ഫീസ് 500/- രൂപ വായ്പ ലഭിക്കുന്നതിനു മുമ്പായി കോർപ്പറേഷനിൽ അടയ്ക്കേണ്ടതാണ്. റവന്യൂ അധികാരികളിൽ നിന്നും ലഭിക്കുന്ന വാല്യൂവേഷൻ സർട്ടിഫിക്കറ്റിന് ആനുപാതികമായി അനുവദിച്ച വായ്പ തുക പരിമിതപ്പെടുത്തുന്നതായിരിക്കും.

2) വനിതാ വികസന കോർപ്പറേഷനിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ സ്വയം തൊഴിൽ പദ്ധതികൾക്ക് പതിനായിരം രൂപയിൽ കൂടുതൽ വായ്പ എടുത്തിട്ടുള്ള വനിതയ്ക്ക് വായ്പ അനുവദിക്കുന്നതല്ല.

3) വായ്പാ തിരിച്ചടവ് – വായ്പാ തുക നിർദ്ദിഷ്ട പലിശ സഹിതം 60 മാസ തവണയായി തിരിച്ചടക്കേണ്ടതാണ്. വായ്പാ തുക ലഭിച്ചതിന് ശേഷം അടുത്ത മാസം മുതൽ തിരിച്ചടവ് ആരംഭിക്കേണ്ടതാണ്.

4) പലിശ നിരക്ക് – വായ്പാ തുകയ്ക്ക് 6% പലിശയും വായ്പാ തുക ദുർവിനിയോഗം ചെയ്യുകയോ വായ്പ തവണകൾ യഥാസമയം അടയ്ക്കാതിരിക്കുകയോ ചെയ്താൽ 6% പിഴപ്പലിശയും ഈടാക്കുന്നതാണ്.

5) വായ്പയ്ക്ക് അപേക്ഷിക്കുന്നവർക്ക് കൂടിക്കാഴ്ച്ചയുടെ അടിസ്ഥാനത്തിൽ മാത്രമേ വായ്പ അനുവദിക്കുകയുള്ളൂ.

6) അപേക്ഷയ്ക്ക് ദേശസാത്കൃത ബാങ്കിൽ അക്കൗണ്ടും അത് ആധാറുമായി ബന്ധിപ്പിച്ചിരിക്കേണ്ടതാണ്.

7) വായ്പ എടുക്കുന്ന എല്ലാ ഗുണഭോക്താക്കളും റിസ്ക് ഫണ്ടും പ്രോസസ്സിംഗ് ഫീസും അടയ്ക്കേണ്ടതാണ്.

## 2) <u>വിദ്യാഭ്യാസ വായ്പാ പദ്ധതി</u>

| വായ്പാ ലഭിക്കുന്ന വിഭാഗങ്ങൾ | പരമാവധി വായ്പാ തുക | പലിശ (വാർഷിക പലിശ) | പിഴ പലിശ | വരുമാന പരിധി ഗ്രാമം/നഗരം | പ്രായ പരിധി | ജാമ്യം | തിരിച്ചടവ് കാലാവധി |
|---|---|---|---|---|---|---|---|
| പിന്നോക്ക വിഭാഗം | ഇന്ത്യ – 10 ലക്ഷം രൂപ വരെ, വിദേശം – 20 ലക്ഷം രൂപ വരെ | 3.5% | 6% | 98,000<br>1,20,000 | 16 നും 32 നും മദ്ധ്യേ | വസ്തു ജാമ്യം/ ഉദ്യോഗസ്ഥ ജാമ്യം | കോഴ്സ് കാലാവധി കഴിഞ്ഞ് 6 മാസം തികയുന്ന തീയതി/ജോലി ലഭിക്കുന്ന തീയതി (ഏതാണോ ആദ്യം അത്) മുതൽ 5 വർഷം |
| പട്ടിക ജാതി വിഭാഗം | ഇന്ത്യ – 10 ലക്ഷം രൂപ വരെ, വിദേശം – 20 ലക്ഷം രൂപ വരെ | 3.5% | 6% | 98,000<br>1,20,000 | 16 നും 32 നും മദ്ധ്യേ | വസ്തു ജാമ്യം/ ഉദ്യോഗസ്ഥ ജാമ്യം | കോഴ്സ് കാലാവധി കഴിഞ്ഞ് 6 മാസം തികയുന്ന തീയതി/ജോലി ലഭിക്കുന്ന തീയതി (ഏതാണോ ആദ്യം അത്) മുതൽ 5 വർഷം |

| വായ്പാ ലഭിക്കുന്ന വിഭാഗങ്ങൾ | പരമാവധി വായ്പാ തുക | പലിശ (വാർഷിക പലിശ) | പിഴ പലിശ | വരുമാന പരിധി ഗ്രാമം/നഗരം | പ്രായ പരിധി | ജാമ്യം | തിരിച്ചടവ് കാലാവധി |
|---|---|---|---|---|---|---|---|
| ന്യൂനപക്ഷ വിഭാഗം (ക്രെഡിറ്റ് ലൈൻ I) | 20 ലക്ഷം രൂപ (ഇന്ത്യ) | 3% | 6% | 98,000<br>1,20,000 | 16 നും 32 നും മദ്ധ്യേ | വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം | 60 മാസ ഗഡുക്കൾ |
| ന്യൂനപക്ഷ വിഭാഗം (ക്രെഡിറ്റ് ലൈൻ II) | 30 ലക്ഷം രൂപ (വിദേശം) | 5% | 6% | ക്രെഡിറ്റ് ലൈൻ 1-ന്റെ വരുമാന പരിധിയ്ക്ക് മുകളിൽ 6 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് | 16 നും 32 നും മദ്ധ്യേ | വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം | 60 മാസ ഗഡുക്കൾ |

എ) യോഗ്യതാ മാനദണ്ഡങ്ങൾ

1) പ്രൊഫഷണൽ കോഴ്സ് അഡ്മിഷൻ നേടിയിരിക്കണം (AICTE, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ, യു.ജി.സി. മുതലായവയുടെ അംഗീകാരമുള്ളവ).

2) വികലാംഗർക്കും, യുദ്ധത്തിൽ മരിച്ച ഭടൻമാരുടെ ആശ്രിതർക്കും മുൻഗണന.

3) തിരിച്ചടവ് തുടങ്ങുന്നത് കോഴ്സ് കഴിഞ്ഞ് 6 മാസത്തിന് ശേഷമോ അല്ലെങ്കിൽ ജോലി ലഭിച്ച് മൂന്ന് മാസത്തിനുശേഷമോ ഏതാണോ ആദ്യം വരുന്നത് അന്നു മുതൽ

ബി) കോഴ്സുകൾ

1) എം.ബി.എ. അല്ലെങ്കിൽ തതുല്യം (AICTE യുടെ അംഗീകാരമുള്ള)
2) എം.സി.എ. തതുല്യം (AICTE യുടെ അംഗീകാരമുള്ള)
3) എഞ്ചിനിയറിംഗിൽ ബിരുദം (ഐ.ഐ.റ്റി, AICTE യുടെ അംഗീകാരമുള്ള)
4) മെഡിസിൻ (ആയുർവേദം, യുനാനി, ഹോമിയോപതി) (മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നടത്തുന്ന കോളേജുകൾ)
5) നാഷണൽ കൗൺസിൽ ഓഫ് ഹോട്ടൽ മാനേജ്മെന്റ് നടത്തുന്ന ഡിപ്ലോമ ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്

സി) ജാമ്യം

(സി) (i) & (ii) ൽ പറഞ്ഞ വ്യവസ്ഥകൾ

3) <u>ലഘു വായ്പാ പദ്ധതി</u>

വനിതാ തൊഴിൽ സംരംഭകരെ ചെറുകിട തൊഴിലുകളിൽ പ്രാപ്തരാക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതിയാണിത്. നിയമാനുസൃതം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകൾക്കും (എൻ.ജി.ഒ.), അംഗീകൃത സ്വയം സഹായ സംഘങ്ങളിലെ (എസ്.എച്ച്.ജി.) അംഗങ്ങൾക്കുമാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.

| വായ്പാ ലഭിക്കുന്ന വിഭാഗങ്ങൾ | പരമാവധി വായ്പാ തുക | പലിശ (വാർഷിക പലിശ) | പിഴ പലിശ | വരുമാന പരിധി ഗ്രാമം/നഗരം | പ്രായ പരിധി | ജാമ്യം | തിരിച്ചടവ് കാലാവധി |
|---|---|---|---|---|---|---|---|
| പിന്നോക്ക വിഭാഗം (20 അംഗങ്ങൾ) | 10 ലക്ഷം രൂപ വരെ, ഒരു അംഗത്തിന് പരമാവധി 50,000 രൂപ വരെ | 5% | 6% | 98,000 1,20,000 | 18 നും 55 നും മദ്ധ്യേ | വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം | 36 മാസ ഗഡുക്കൾ |

| വായ്പാ ലഭിക്കുന്ന വിഭാഗങ്ങൾ | പരമാവധി വായ്പാ തുക | പലിശ (വാർഷിക പലിശ) | പിഴ പലിശ | വരുമാന പരിധി ഗ്രാമം/നഗരം | പ്രായ പരിധി | ജാമ്യം | തിരിച്ചടവ് കാലാവധി |
|---|---|---|---|---|---|---|---|
| ന്യൂനപക്ഷ വിഭാഗം (ക്രെഡിറ്റ് ലൈൻ I) (20 അംഗങ്ങൾ) | 20 ലക്ഷം രൂപ എസ്.എച്ച്.ജി. (25 ലക്ഷം എൻ.ജി.ഒ.) | എസ്.എച്ച്.ജി.- 5%, എൻ.ജി.ഒ.- 2%, സി.ഡി.എസ്. 3.5% | 6% | 98,000 1,20,000 | 18 നും 55 നും മദ്ധ്യേ | വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം | 36 മാസ ഗഡുക്കൾ |
| ന്യൂനപക്ഷ വിഭാഗം (ക്രെഡിറ്റ് ലൈൻ II) (20 അംഗങ്ങൾ) | 30 ലക്ഷം രൂപ എസ്.എച്ച്.ജി. (25 ലക്ഷം എൻ.ജി.ഒ.) | എസ്.എച്ച്.ജി.- 5%, എൻ.ജി.ഒ.- 2%, സി.ഡി.എസ്. 3.5% | 6% | മൊത്തം വാർഷിക വരുമാനം 6.00 ലക്ഷം രൂപ വരെ | 18 നും 55 നും മദ്ധ്യേ | വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം | 36 മാസ ഗഡുക്കൾ |

**എ) യോഗ്യത മാനദണ്ഡങ്ങൾ**

1) സന്നദ്ധ സംഘടന രജിസ്റ്റർ ചെയ്ത് മൂന്നു വർഷം കഴിഞ്ഞിരിക്കണം

2) സന്നദ്ധ സംഘടനയുടെ കീഴിൽ കുറഞ്ഞത് മൂന്ന് വർഷമായി പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ ഉണ്ടായിരിക്കണം.

3) വനിതാ വികസന കോർപ്പറേഷനിൽ എംപാനൽ ചെയ്ത സന്നദ്ധ സംഘടനകൾക്ക് മാത്രമേ വായ്പ അനുവദിക്കുകയുള്ളൂ.

4) സന്നദ്ധ സംഘടന കൃത്യമായി കണക്കുകൾ സൂക്ഷിക്കുകയും കണക്കുകൾ യഥാസമയം ഓഡിറ്റ് ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

5) തുക ലഭിച്ച് 3 മാസത്തിനകം ഉപയോഗിക്കുകയും അത് തെളിയിക്കുന്ന രേഖ (ഉപയോഗ പത്രം) ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്.

6) കുറഞ്ഞത് രണ്ട് വർഷത്തെ സമ്പാദ്യ പദ്ധതി (ത്രിഫ്റ്റ്) നടപ്പിലാക്കിയിരിക്കണം.

7) രണ്ട് വർഷത്തെ സമ്പാദ്യ പദ്ധതി പരിചയമില്ലെങ്കിൽ കുറഞ്ഞത് 12,000/- രൂപ ബാങ്ക് ബാലൻസ് ഉണ്ടായിരിക്കണം.

8) സ്വയം സഹായ സംഘം ഏതെങ്കിലും എൻ.ജി.ഒ., മഹിളാ സമാജത്തിന്റെ ആശ്രയത്തിലും മേൽ നോട്ടത്തിലും പ്രവർത്തിക്കുകയാണെങ്കിൽ എൻ.ജി.ഒ. യുടെ/മഹിളാ സമാജത്തിന്റെ/ബാങ്ക് ബാലൻസിന്റെ/ചെക്ക് ബുക്കിന്റെ ജാമ്യത്തിൽ വായ്പ നൽകുന്നതാണ്.

9) സ്വന്തമായി പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സമ്പാദ്യ പദ്ധതിയിലെ തുകയുടെ അടിസ്ഥാനത്തിൽ ബാങ്ക് ചെക്ക് ബുക്ക് ജാമ്യമായി സ്വീകരിച്ച് വായ്പ നൽകുന്നതാണ്.

10) സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനം ഗ്രേഡ് ചെയ്തതിനു ശേഷം മാത്രമേ വായ്പ നൽകുകയുള്ളൂ.

**ബി) ജാമ്യ വ്യവസ്ഥകൾ**

വായ്പാ തുകയും പലിശയും ഉൾപ്പെടുന്ന തുകയ്ക്ക് തുല്യമായ വസ്തു രേഖകളോ അല്ലെങ്കിൽ വായ്പാ തുകയുടെ ഇരട്ടി തുകയ്ക്കുള്ള ബാങ്ക് ഗ്യാരന്റിയോ ജാമ്യമായി നൽകേണ്ടതാണ്.

**റിസ്ക് ഫണ്ടും പ്രോസസിംഗ് ഫീസും**

മേൽപ്പറഞ്ഞ എല്ലാ വായ്പകൾക്കും റിസ്ക് ഫണ്ടും (സുരക്ഷാ ഫണ്ട്) പ്രോസസിംഗ് ഫീസും ഒടുക്കേണ്ടതാണ്.

| വായ്പാ തുക | റിസ്ക് ഫണ്ട് |
|---|---|
| 50,000 രൂപ വരെ | 250 രൂപ |
| 50001 രൂപയ്ക്ക് മേൽ 1,00,000 രൂപ വരെ | 500 രൂപ |
| 100001 രൂപയ്ക്ക് മേൽ 1,50,000 രൂപ വരെ | 1000 രൂപ |
| 1,50,001 രൂപയ്ക്ക് മേൽ 2,50,000 രൂപ വരെ | 1500 രൂപ |
| 2,50,001 രൂപയ്ക്ക് മേൽ 3,50,000 രൂപ വരെ | 2000 രൂപ |
| 3,50,001 രൂപയ്ക്ക് മേൽ 5,00,000 രൂപ വരെ | 2500 രൂപ |
| 5,00,001 രൂപയ്ക്ക് മേൽ 10,00,000 രൂപ വരെ | 5000 രൂപ |

| വായ്പാ തുക | പ്രോസസിംഗ് ഫീസ് |
|---|---|
| 1,00,000 രൂപ വരെ | ഇല്ല |
| 100001 രൂപയ്ക്ക് മേൽ 3,00,000 രൂപ വരെ | 250 രൂപ |
| 3,00,001 രൂപയ്ക്ക് മേൽ 5,00,000 രൂപ വരെ | 500 രൂപ |
| 5,00,001 രൂപയ്ക്ക് മേൽ 10,00,000 രൂപ വരെ | 1000 രൂപ |